**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** — **30-01-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലയിൽ അല്ലാതെ അനുവദിച്ച വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലയിൽ അല്ലാതെ വ്യവസായ പാർക്കുകൾ അനുവദിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് എത്ര വ്യവസായ പാർക്കുകൾക്കാണ് ഇതുവരെ അനുമതി നല്കിയിട്ടുള്ളത്; അവ ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ; ഇവയ്ക്ക് സർക്കാർ നല്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് 16 സ്ഥാപനങ്ങൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരെണ്ണത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ഇവ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം എറണാകുളം, കോട്ടയം, പത്തനംത്തിട്ട, കൊല്ലം എന്നീ ജില്ലകളിലാണ്.<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം, ഡ്രെയിനേജ്, ETP/CETP എന്നിവ വികസിപ്പിക്കുന്നതിനും ലബോറട്ടറി, ടെസ്റ്റിങ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങൾക്കുമായി ഡെവലപ്പർക്ക് ഒരു ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ധനസഹായം സർക്കാർ നൽകുന്നു. ഈ തുക റീ- ഇമ്പേഴ്സ്മെന്റ് വ്യവസ്ഥയിലാണ് അനുവദിക്കുക. |
| (ബി) | അവയിൽ എത്ര വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ; അവയിൽ എന്തൊക്കെ വ്യവസായങ്ങൾ ആണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഒരു സ്വകാര്യ വ്യവസായ പാർക്കിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മെ. ഫെതർലൈക്ക് (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതാണ് പ്രസ്തുത എസ്റ്റേറ്റ്. ഇവിടെ Polyurethane(PU) Foam, Expanded Polythene (EPE) foam, Coir Fiber എന്നീ വ്യവസായങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | ഇതു വഴി എത്ര പേർക്ക് തൊഴിലും എത്ര രൂപയുടെ നിക്ഷേപവും ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | മേൽ സൂചിപ്പിച്ച സ്വകാര്യ വ്യവസായ എസ്റ്റേറ്റിലൂടെ 3459 ലക്ഷം രൂപയുടെ നിക്ഷേപവും നേരിട്ടും അല്ലാതെയും 400 പേർക്ക് തൊഴിലവസരവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ